# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3979** **21/06/2019-ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി. ജോയി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് വർക്കല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പാണ് ഇപ്പോൾ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിക്കുന്നുവെങ്കിലും സന്നദ്ധരായ സഹകരണ സംഘങ്ങളും തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകി വരുന്നുണ്ട്. ആയതുപ്രകാരം വർക്കല മണ്ഡലത്തിൽ പാളയംകുന്ന് എച്ച്.എസ്.എസ്., കവലയൂർ ഹൈസ്കൂൾ, ഞെക്കാട് ഗവൺമെന്റ് ഹൈസ്കൂൾ, മടവൂർ എൻ.എസ്.എസ്. എച്ച്.എസ്., ഗവൺമെന്റ് എൽ.പി.എസ് മടവൂർ എന്നീ സ്കൂളുകൾക്ക് യഥാക്രമം അയിരൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്, മണമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്, ഒറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്, മടവൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവ ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാന പ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |
| (സി) | സ്മാർട്ട് ക്ലാസ്സ് മുറി നിർമ്മാണം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ച സാഹചര്യത്തിൽ സഹകരണ വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളിൽ മറ്റ് ഭൗതിക | (സി) | സ്കൂളുകളിൽ മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ടി പദ്ധതി പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് സഹകരണ വകുപ്പിൽ നിന്നും പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ |

| | | | |
|---|---|---|---|
| | സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണോ? | | സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ പൊതുയോഗതീരുമാനപ്രകാരം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകുന്നുണ്ട്. പല സംഘങ്ങളും സ്മാർട്ട് ക്ലാസ് റൂമുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**